# ആമുഖം

നരവംശശാസ്ത്ര പഠനങ്ങൾ വിലയിരുത്തുന്നത്, ഏകദേശം 2-മില്ല്യൻ വർഷം എന്ന ഒരു 'സമയ അളവ്' മുതൽ ഭൂമിയിൽ വിവിധ മനുഷ്യവർഗ്ഗങ്ങൾ അതിജീവനം നടത്തി വരുന്നുണ്ട് എന്നുള്ള താണ്. ആധുനിക മനുഷ്യരായ നാം [Homosapians]300,000-വർഷം മുതലും.

ചരിത്രഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നത്, പിന്നിട്ടു കഴിഞ്ഞ സമയങ്ങളിൽ, നിശ്ചിത ഭൂപ്രദേശ ങ്ങളിൽ പരിമിത അംഗങ്ങളുമായാണ് നാം അതിജീവന പ്രക്രിയ ആരംഭിച്ചത് എന്നും. 10000-വർഷം മുൻപ് വരെ 10-മില്യനു താഴെ മാത്രം അംഗങ്ങൾ ഉണ്ടായിരുന്ന നാം 2000-വർഷം മുൻപ് 300-മില്യനായി എന്നുമാണ്.

നിലവിലെ സ്ഥിതി വിവര രേഖകൾ പറയുന്നത്, ഇന്ന് നമ്മുടെ അംഗസംഖ്യ 8000-മില്യനു മുകളി ലാണ് എന്നും അതിലേക്ക് ഏകദേശം 400,000–ത്തോളം അംഗങ്ങൾ പ്രതിദിനം പുതുതായി വന്നു ചേരുകയും അതിൽ നിന്നും 200,000-ത്തോളം അംഗങ്ങൾ പ്രതിദിനം അപ്രത്യക്ഷമാകുന്നു എന്നു മാണ്.

ഈ വസ്തുതകൾ മനുഷ്യ അതിജീവനത്തിലെ അടിസ്ഥാനപരമായ ഒരു കാര്യം നമ്മെ ബോധ്യ പ്പെടുത്തുന്നു:

ഇന്നു ജീവിച്ചിരിക്കുന്ന 8000 മില്ല്യൻ ജനങ്ങളോ ഇതുവരെ ജീവിച്ചു വന്ന നിരവധി ട്രില്ല്യൻ ജന ങ്ങളോ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയല്ല, ഇവിടെ ജനിക്കുക, ജീവിക്കുക, അടുത്ത തലമുറകളെ സൃഷ്ടിക്കുക അപ്രത്യക്ഷമാകുക എന്നുള്ള മനുഷ്യ അതിജീവന പ്രക്രിയ. അത്, സദാ ചലിച്ചുകൊണ്ടിരിക്കുന്ന സമയം എന്ന പ്രക്രിയയിൽ പ്രപഞ്ചത്തിൽ നടപ്പിലാകുന്ന ഇതര വിവിധ പദ്ധതികൾ പോലെ വ്യക്തമായ കണക്കുകളിലും അതിന്റെ വ്യത്യസ്തമായ ഫോർമുല കളിലും സ്വമേധയാ നടപ്പിലാകുന്നതാണ്.

ആയതിനാൽ മനുഷ്യ അതിജീവനം സുസ്ഥിരമായി നടപ്പിലാകാൻ അതിനു വേണ്ടി സമയം തന്നെ നടപ്പിലാക്കുന്ന ഫോർമുലകൾ കണ്ടെത്തുകയും പഠിക്കുകയും പിന്തുടരുകയുമാണ് നാം വേണ്ടത്. അതല്ലാതെ ഇതിനു വേണ്ടി സമയത്തിലെ ചെറിയ അളവുകളിൽ മാത്രം ജീവിക്കുന്ന വ്യക്തികളോ അവരുടെ സംഘങ്ങളോ കണ്ടെത്തിയ ആശയങ്ങളും ആദർശങ്ങളും പിന്തുടരുക യല്ല. പ്രത്യേകിച്ചും നമ്മൾ ഇതുവരെ നടത്തി വന്ന ഇത്തരം ശ്രമങ്ങൾ ഇതുവരെ ലക്ഷ്യം കൈ വരിക്കാത്ത സ്ഥിതിക്കും, മനുഷ്യ പ്രതിസന്ധികൾ അനുദിനം വർദ്ധിച്ചു വരുന്ന കാരണത്താലും.

അതുകൊണ്ട് സുസ്ഥിര അതിജീവനത്തിനായി ഒരു ഭരണഘടനാ ഭേദഗതി ആവശ്യപ്പെട്ടു കൊണ്ട് തയ്യാറാക്കിയ ഈ പ്രമേയം ഇവിടെ പ്രതിബാധിക്കുന്നത് 'സമയത്തെ' വേണ്ട വിധം നിരീ ക്ഷിച്ചാൽ ആർക്കും എപ്പോഴും ബോദ്ധ്യപ്പെടുന്ന വസ്തുതകളും അതു നടപ്പിലാകുന്ന ഫോർമുലകളു മാണ് അല്ലാതെ ഒരു വ്യക്തിയുടെയും ആശയങ്ങളും അഭിപ്രായങ്ങളുമല്ല.

സമയത്തിന്റെ വ്യക്തവും നിശ്ചിതവുമായ അളവുകൾക്കുള്ളിലാണ് എല്ലാ ജീവ ജാലങ്ങളെയും പോലെ നമ്മളും അതിജീവനം പൂർത്തികരിക്കുന്നത്. ഇത് നടപ്പിലാക്കുന്നതിനായി സമയത്തിന്റെ നിയമത്തിലും നിയന്ത്രണത്തിലും പ്രവൃത്തി ചെയ്യാൻ കഴിവുള്ള ഒരു ശരീരവും നമുക്ക് ലഭിച്ചിരി ക്കുന്നു.

ആ പ്രവർത്തനങ്ങൾ പ്രധാനമായും മൂന്ന് രീതിയിലാണ് :

1. ഭൂമിയിലെ പ്രധാന വിഭവമായ വായു സദാ സമയം ശ്വസിക്കുക.

2. ഇതര വിഭവങ്ങളിൽ നിന്നും ലഭിക്കുന്ന വിവിധ ഉത്പന്ന സേവനങ്ങൾ യഥാസമയം ഉപഭോ ഗിക്കുക

3. സമയാ സമയങ്ങളിൽ പ്രത്യുല്പാദനം നടത്തുക.

വായു ശ്വസിക്കാനായി നാം നമുക്ക് ലഭിച്ച സമയം തന്നെ ഉപയോഗിക്കുന്നു. ഇണചേരാനായി എതിർ ലിംഗത്തിന്റെ സമയം കൂടി ഉപയോഗിക്കുന്നു. ഉപഭോഗ ആവശ്യങ്ങൾക്കായി, ഓരോ സമയത്തെയും Working Age Group- ലുള്ളവർ അവർക്കും അവരുടെ ആശ്രിതരായ മുതിർന്ന തലമുറക്കും, പിൻതലമുറക്കും വേണ്ട വിവിധ ഉത്പന്ന സേവനങ്ങൾ നിർമ്മിച്ച് സംഭരിച്ച് വിതരണം നടത്താൻ പ്രതിദിനം ചിലവഴിക്കുന്ന ഒരു മൊത്തം പ്രവർത്തി സമയത്തെയും ആശ്രയിക്കുന്നു.

സമയത്തിന്റെ നിയന്ത്രണങ്ങളിൽ നടപ്പിലാകുന്ന മനുഷ്യ അതിജീവനം എന്ന പ്രകിയ ഈ രീതിയിൽ അന്നുമുതൽ നിലനിന്നു വരുന്നതിനാലാണ് ഇത്രയും നീണ്ട സമയ അളവിൽ ഇത്രയും വലിയ അംഗസംഖ്യയുമായി ഇപ്പോഴും ഭൂമിയിൽ നാം നിലനിൽക്കുന്നതും, ഇനിയും നമുക്ക് ഇവിടെ നിലനിൽക്കാനാകും എന്നു നമ്മൾ പ്രത്യാശിക്കുന്നതും.

എന്നാൽ, കഴിഞ്ഞ കുറേ തലമുറകളായി Working Age Group- ലുള്ളവർ യഥാവിധി ഒരു മൊത്തം പ്രവർത്തിസമയം പ്രതിദിനം ചിലവഴിച്ച് ഏവർക്കും വേണ്ട ഉത്പന്നങ്ങളും സേവനങ്ങളും നിർമ്മിക്കുന്നുണ്ടെങ്കിലും ഇവ അവർക്കും അവരുടെ ആശ്രിതർക്കും നേരിട്ടു ലഭ്യമാവുന്ന ഒരു സംവിധാനത്തിലല്ല നാം അതിജീവനം നടത്തി വരുന്നത്.

Working Age Group-ലുള്ളവർ നിർമ്മിച്ച ഉത്പന്ന സേവനങ്ങൾ അവർക്കും അവരുടെ ആശ്രിതർക്കും ലഭിക്കാൻ ഇവ നിർമ്മിക്കാൻ ചിലവഴിച്ച പ്രവർത്തി സമയ അളവുകൾക്ക് തുല്യമായി മറ്റൊരു ഉത്പന്നമോ സേവനമോ നിർമ്മിക്കാൻ ചിലവഴിച്ച സമയം കൂടി പ്രതിഫലമായി നൽകണം എന്നുള്ള സാഹചര്യത്തിലാണ് നിലവിൽ ലോകത്തെ സർവ്വജനങ്ങളും അതിജീവനം നടത്തി വരുന്നത്.

ശ്രദ്ധേയമായ മറ്റൊരു കാര്യം ഈ ചിലവഴിച്ച സമയങ്ങൾ, ആ സമയത്തിന്റെ അളവുകളിലല്ല പ്രതിഫലമായി നൽകുന്നത്. എന്നാൽ അത് ചിലവഴിച്ച സമയത്തിന്റെ യഥാർത്ഥ അളവുകൾക്ക് യുക്തമായ മാനദണ്ഡങ്ങൾ ഇല്ലാതെ നൽകിയ സംഖ്യ അളവുകളിലാണ്.

ഈ സംഖ്യകളെയാണ് ഓരോ തലമുറയിലെയും Working Age Group-ലുള്ളവർ ഉത്പന്ന സേവനങ്ങൾ നിർമ്മിക്കാൻ ചിലവഴിക്കുന്ന പ്രവർത്തി സമയങ്ങൾക്ക് അവരുടെ മുതിർന്ന തലമുറ നൽകുന്ന 'വേതനം' എന്നു പറയുന്നത്. ഈ സംഖ്യകളെ തന്നെയാണ് ഓരോ രാജ്യത്തിന്റെയും അംഗീകൃത പൊതു വിനിമയ ഉപാധിയായ 'പണം' എന്നും വിളിക്കുന്നത്. ഈ സംഖ്യകളിൽ അടങ്ങിയ പണം തന്നെയാണ് Working Age Group-ലുള്ളവർ നിർമ്മിക്കുന്ന ഉത്പന്ന സേവനങ്ങൾ ലഭിക്കാൻ അവരും അവരുടെ ആശ്രിതരും പ്രതിഫലമായി നൽകേണ്ടതും.

ഈ സ്ഥിതി വിശേഷം ഗൗരവമേറിയ രണ്ടു ചോദ്യങ്ങൾ ഉയർത്തുന്നു:

1. **എന്തുകൊണ്ടാണ് Working Age Group - ലുള്ളവർ അവരുടെ പ്രവർത്തി സമയങ്ങൾ ചിലവഴിച്ച് നിർമ്മിക്കുന്ന വിവിധ ഉത്പന്ന സേവനങ്ങൾ സദാ ഇവിടെ ലഭ്യമായിരിക്കുമ്പോൾ ഇവ ഉപഭോഗിക്കാനായി മറ്റൊരു ഉത്പന്നമോ സേവനമോ നിർമ്മിക്കാൻ ചിലവഴിച്ച പ്രവർത്തി സമയങ്ങൾ പ്രതിഫലമായി നൽകേണ്ടി വരുന്നത്?**

2. **എന്തുകൊണ്ടാണ് ഈ പ്രതിഫലം, ചിലവഴിച്ച യഥാർത്ഥ സമയ അളവിന്റെ യൂണിറ്റുകളുമായി യാതൊരു ബന്ധമില്ലാത്ത "വേതനം എന്നും പണം" എന്നും വിളിക്കുന്ന സംഖ്യാ അളവുകളിൽ നൽകേണ്ടി വരുന്നത്?**

ഈ ചോദ്യത്തിനുള്ള ഉത്തരം ഇന്നു ലോകത്ത് ജീവിച്ചിരിക്കുന്ന മനുഷ്യർക്ക് തികച്ചും അനുകൂലമായതല്ല. അത്, നമ്മുടെ പൂർവ്വികർ അവരുടെ സാഹചര്യങ്ങളിൽ രൂപം കൊടുത്തതും നമ്മൾ ഇന്നും പിന്തുടരുന്നതുമായ നിലവിലെ അതിജീവന സമ്പ്രദായം സമയ നിയമങ്ങൾക്ക് അനുകൂലമായരീതിയിലല്ല രൂപം കൊടുത്തിരിക്കുന്നത് എന്നുള്ളതാണ്. ആയതുകൊണ്ടാണ്, സുസാധ്യമായിട്ടും മനുഷ്യ കുലത്തിന് ഇന്നും സുസ്ഥിരമായ ഒരു അതിജീവനം നടപ്പിലാക്കാനാകാതെ വരുന്നതും, അതിനു പകരം അധിക പ്രവർത്തി സമയം വിനിയോഗിക്കുന്നതും അമിത പ്രകൃതി വിഭവങ്ങൾ ഉപഭോഗിക്കുന്നതും അടിസ്ഥാന മനുഷ്യാവകാശത്തെ നിഷേധിക്കുന്നതുമായ ഒരു ജീവന സമ്പ്രദായത്തിൽ അതിജീവനം തുടരേണ്ടി വരുന്നതും.

ഈ സാഹചര്യത്തിലാണ്, "നവലോക മാനവികത "എന്ന പ്രമേയം സർവ്വ ലോക ജനതയുടെയും മുന്നിൽ സവിനയം സമർപ്പിക്കപ്പെടുന്നത്. ഇതിൽ അതിജീവനത്തിന്റെ അഞ്ചു സമയതത്വങ്ങൾ, നിലവിലെ സമ്പ്രദായം രൂപംകൊള്ളാനും നിലനിൽക്കാനുമുള്ള കാരണങ്ങൾ, ഈ സംവിധാനത്തിൽ നമ്മൾ നേരിടുന്ന പ്രധാന പ്രതിസന്ധികൾ, അതിനുള്ള പരിഹാരങ്ങൾ എന്നിവ, വേണ്ടത്ര വസ്തുതകളും അനുബന്ധ തെളിവുകളും സമേതം വിവരിക്കുന്നു.

**ഈ പ്രമേയത്തിൽ പ്രതിപാദിച്ച ചില പ്രധാന പദങ്ങളും അവയുടെ നിർവചനങ്ങളും.**

1. **സ്വതന്ത്ര സുസ്ഥിര സമത്വ അതിജീവനം:-** വായു ശ്വസിക്കുന്നതു പോലെ എല്ലാ വ്യക്തികളും ഒരേ പോലെ സ്വതന്ത്ര്യമായും സുലഭമായും സ്വാഭാവികമായും ഉത്പന്നങ്ങളും സേവനങ്ങളും ഉപഭോഗിച്ച് സ്വന്തം അതിജീവനം പൂർത്തീകരിക്കുന്ന പ്രക്രിയ.

2. **ഉത്പന്നങ്ങൾ & സേവനങ്ങൾ:-** വായു കഴിഞ്ഞാൽ, അതിജീവനത്തിന് ജനനം മുതൽ പ്രതി നിമിഷം വേണ്ട  വസ്തു രൂപത്തിലുള്ളതും, വസ്തു രൂപത്തിലല്ലാത്തതുമായ ഉപഭോഗ ഘടകങ്ങൾ. അഥവാ ഇന്നു പണം കൊടുത്താൽ മാത്രം കിട്ടുന്ന വസ്തു വകകൾ

3. **വിദ്യാഭ്യാസം**:- ഉത്പന്നങ്ങളും സേവനങ്ങളും  നിർമ്മിക്കാനുള്ള അറിവ് ഓരോ തലമുറയിലെ അംഗങ്ങൾക്കും അവരുടെ മുതിർന്ന തലമുറയിലെ അംഗങ്ങൾ കൈമാറുന്ന പ്രക്രിയ.

4. **വിഭവങ്ങൾ :** വിദ്യാഭ്യാസം വിനിയോഗിച്ച് ഉത്പന്ന-സേവനങ്ങൾ നിർമ്മിക്കാൻ ഭൂമിയിൽ ലഭ്യ മായ വിവിധ വസ്തു വകകളും ഇവ ഉപയോഗിച്ചു നിർമ്മിച്ച സൌകര്യങ്ങളും.

5. **പ്രവർത്തി-സമയം:-** വിദ്യാഭ്യസവും വിഭവങ്ങളും ഉപയോഗിച്ച്, ഉത്പന്നങ്ങളും സേവനങ്ങളും നിർമ്മിക്കാൻ ചിലവഴിക്കുന്ന നിശ്ചിത സമയം.

6. **പ്രവർത്തി സംഘം [ Working age population ] :-** ഇന്നത്തെ നമ്മുടെ 8.1 മില്ല്യൻ എന്ന ആഗോള അംഗസംഖ്യയിലെ ലിംഗാനുപാതം 100-സ്ത്രീകൾക്ക് 102- പുരുഷൻമാർ എന്നുള്ളതാണ്. ഇതിനെ പ്രായാടിസ്ഥാനത്തിൽ വിഭജിക്കുമ്പോൾ 30%, 17-വയസ്സുവരെയുള്ള കുട്ടികളും, 55%, 60- വയസ്സുവരെയുള്ള മുതിർന്നവരും, ബാക്കി 15% പ്രായമായവരും ഉൾപ്പെടുന്നു. ഇതിലെ 18-മുതൽ 60-വരെ പ്രായമുള്ള വരെ-Working age population -എന്നു വിളിക്കുന്നു.

7. **ഉപജീവനം:-** Working Age- ലെത്തുമ്പോൾ ഓരോ വ്യക്തിയും സ്വന്തം മേഖലയിലെ പ്രവർത്തി സമയങ്ങൾ ചിലവഴിച്ച് തനിക്കും തന്റെ ആശ്രിതർക്കും വേണ്ട ഉത്പന്നങ്ങളും സേവനങ്ങളും കണ്ടെത്തുകയും ഉപഭോഗിക്കുകയും ചെയ്യുന്ന പ്രക്രിയ.

8. **അതിജീവനം:-** സ്വയം ജനിക്കുകയും ഉപജീവനം നടത്തുകയും അടുത്ത തലമുറകളെ സൃഷ്ടിക്കുകയും അവരെ ഉപജീവനം നടത്താൻ പ്രാപ്തരാക്കുകയും ചെയ്യുന്ന പ്രക്രിയ.

9. **രാജ്യം/രാഷ്ട്രം :-** ഒന്നിച്ചുള്ള അതിജീവനത്തിനായി ഒരു കൂട്ടം മനുഷ്യർ പല തലമുറകളായി ഒത്തുകൂടിയ ഭൂമിയിലെ നിശ്ചിത സ്ഥലം.

10. **ഭരണഘടന:-** ഒരു രാജ്യത്തെ ജനങ്ങൾ അവരുടെയും മറ്റുള്ളവരുടെയും സുസ്ഥിര അതിജീവന ത്തിനായി തയ്യാറാക്കിയ എഴുതപ്പെട്ടതോ അല്ലാത്തതോ ആയ നിർദ്ദേശങ്ങൾ അടങ്ങിയ ആ രാജ്യത്തിന്റെ നിയമാവലി.

11. **ഭരണാധികാരികൾ :-** ഭരണഘടനക്ക് രൂപം കൊടുക്കാനും നടപ്പിലാക്കാനും ഫലം ഉറപ്പു വരുത്താനും  നിയുക്തരും യോഗ്യരുമായ വ്യക്തികൾ.

12. **രാഷ്ട്ര-നിർമ്മാണം:-** ഭരണാധികാരികളുടെ മേൽനോട്ടത്തിൽ ഒരു രാജ്യത്തെ Working Age Group-ലെ അംഗങ്ങൾ പ്രതിദിനം ആ സമയത്തെ കുട്ടികൾ മുതൽ പ്രായമായവർക്കും, വരും തലമുറകൾക്കും വേണ്ട വിവിധ ഉത്പന്നങ്ങളും സേവനങ്ങളും നിർമ്മിച്ച് സംഭരിച്ച് വിതരണം നടത്തുന്ന, നിലയ്ക്കാത്ത പ്രക്രിയകൾ.

13. **മാധ്യമം (The Press):-** രാഷ്ട്രനിർമ്മാണത്തിനു വേണ്ട ആശയങ്ങൾ ഭരണാധികാരികൾക്കും ജനങ്ങൾക്കും വിനിമയം ചെയ്യാനുള്ള ഉപാധിയും, അടുത്ത തലമുറയുടെ അതിജീവന ത്തിനു വേണ്ട അറിവുകൾ ഓരോ തലമുറക്കും ശേഖരിച്ചുവക്കാനുള്ള സ്രോതസ്സും.